ആർ.ജി.ജി.വി.വൈ. (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി യോജന)

6 (5810) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർ.ജി.ജി.വി.വൈ. (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതി യോജന) സംസ്ഥാനത്ത് നിലവിലുണ്ടോ ; ഈ പദ്ധതിയനുസരിച്ച് ഏറ്റെടുത്ത ഏതെങ്കിലും പദ്ധതികൾ കണ്ണൂർ ജില്ലയിൽ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

ആർ.ജി.ജി.വി.വൈ. പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

ഈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 5136 ബി.പി.എൽ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചിരുന്നത്. എന്നാൽ 9347 ബി.പി.എൽ. വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ചിട്ടുണ്ട്.

കേടായ വൈദ്യുതി മീറ്ററുകൾ

7 (5811) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിദ്രുത വൈദ്യുതി വികസന പദ്ധതിയിൻ കീഴിൽ 2014-ൽ വൈദ്യുതി ബോർഡ് എത്ര വൈദ്യുതി മീറ്ററുകൾ വാങ്ങി ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര വൈദ്യുതി മീറ്ററുകൾ കേടായി കിടക്കുന്നുണ്ട്; ഇതുമൂലം പ്രതിദിനം ബോർഡിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ 12.6 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളും 93750 ത്രീ ഫേസ് മീറ്ററുകളും വാങ്ങിയിട്ടുണ്ട്. ഇതിൽ അതിദ്രുത വികസന പദ്ധതിക്കുള്ള മീറ്ററുകളും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 30-6-2015-ലെ കണക്ക് പ്രകാരം 578073 കേടായ മീറ്ററുകൾ ഉണ്ട്. മീറ്റർ കേടാകുന്ന കാലയളവിൽ മുൻകാല ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ വരുമാന നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

പവർ ഹൗസുകളിലെ യന്ത്രസാമഗ്രികളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണി

8 (5812) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പവർ ഹൗസുകളിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും ജനറേറ്ററുകളും കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ജനറേറ്ററുകളും യന്ത്രസാമഗ്രികളും ഉപയോഗിക്കുന്നതുമൂലമാണ് പലപ്പോഴും പവർഹൗസുകളിലും മറ്റും അപകടങ്ങൾ ഉണ്ടാകുന്നതെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രധാന പവർഹൗസുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്ത ധാരാളം ജനറേറ്ററുകളും യന്ത്രങ്ങളും ഉണ്ടെന്നും ഇത് വൈദ്യുതോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ എല്ലാ പവർഹൗസുകളിലും യന്ത്രങ്ങളുടെയും ജനറേറ്ററുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും കാലപ്പഴക്കം ചെന്നവ മാറ്റുന്നതിനും അവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇല്ല.

(ഡി) സംസ്ഥാനത്തെ എല്ലാ പവർ ഹൗസുകളിലും, സ്ഥാപിച്ചിട്ടുള്ള ടർബൈൻ, ജനറേറ്റർ, ട്രാൻസ്ഫോർമർ തുടങ്ങിയ പ്രധാന യന്ത്രസാമഗ്രികളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ അവയുടെ നിർമ്മാതാക്കൾ അനുശാസിക്കുന്ന രീതിയിലും കാലയളവിലും കൃത്യമായും ചെയ്യുവരുന്നു. ഇതിൽ വീഴ്ച ഉണ്ടായിട്ടില്ല. വാർഷിക അറ്റകുറ്റപ്പണികളുടെ ഭാഗമായി പ്രധാനപ്പെട്ട ജനറേറ്റിംഗ് സ്റ്റേഷനുകളിലെ ഓരോ ജനറേറ്ററുകളുടെയും പ്രവർത്തനം ഒരു മാസം പൂർണ്ണമായി നിർത്തിവച്ച ശേഷം

LIBRARY ARCHIVES Kerala Legislative Assembly